# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.479 — 11.12.2012 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ രണ്ടാം തരം പൗരൻമാരായി കാണുന്നുവെന്നും വിദ്യാർത്ഥികൾ നിൽക്കുന്ന സ്റ്റോപ്പിൽ ബസ്സ് നിറുത്തുന്നില്ല എന്നും എല്ലാ യാത്രക്കാരും ബസ്സിൽ കയറിയ ശേഷം മാത്രമേ വിദ്യാർത്ഥികളെ ബസ്സിൽ കയറുവാൻ അനുവദിക്കാറുള്ളുവെന്നുമുള്ള ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ മേൽ പറഞ്ഞ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ തല സ്റ്റുഡൻസ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം ഒരു വർഷത്തിൽ കുറഞ്ഞത് 2 പ്രാവശ്യമെങ്കിലും വിളിച്ചുകൂട്ടുവാനും വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും നിർദ്ദേശിച്ചുകൊണ്ട് എല്ലാ കളക്ടർമാർക്കും ആർ.ടി.ഒ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമീപമുള്ള ബസ്സ് സ്റ്റോപ്പുകളിൽ മിന്നൽ പരിശോധന നടത്തണമെന്നും വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറുന്ന ബസ്സ് ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ ഡി.റ്റി.സി/ആർ.റ്റി.ഒ മാർക്കും നിർദ്ദേശം നൽകിയതിന്റെ ഫലമായി ഡി.റ്റി.സി/ആർ.ടി.ഒ മാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം മിന്നൽ പരിശോധനകൾ നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ സൗജന്യവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത വിഷയം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് |

| | | |
|---|---|---|
| | | ഓഫീസറുടെയോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെയോ, സർക്കാരിന്റെയോ ശ്രദ്ധയിൽ കൊണ്ടുവരുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യുക്കേഷൻ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെതന്നെ എല്ലാ വിദ്യാർത്ഥികൾക്കും അവധി ദിവസങ്ങളിലും കൺസഷൻ അനുവദിച്ചുകൊണ്ട് 28.11.2011 ലെ ജി.ഒ.(പി) നം.63/2011/ഗതാ ((എസ്.ആർ.ഒ.) നം.748/11 )പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി തുടങ്ങിയ എല്ലാ അവധി ദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് പ്രൈവറ്റ്/ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ കൺസഷൻ നിരക്കിൽ യാത്ര ചെയ്യുവാൻ സാധിക്കും. |
| (ബി)കെ. എസ്. ആർ.ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്നതിന് കൂടുതൽ സംവിധാനം ഏർപ്പെടുത്തുമോ ; | (ബി) | കെ.എസ്.ആർ.ടി.സി-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസുകളിലും വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചുവരുന്നുണ്ട്. വിദ്യാർത്ഥിയുടെ വാസസ്ഥലം മുതൽ പഠനസ്ഥാപനം വരെ പരമാവധി 40 കിലോമീറ്റർ ദൂരത്തേയ്ക്ക് അനുവദിച്ചിരുന്ന യാത്രാസൗജന്യം,വിദ്യാർത്ഥി പഠിക്കാൻ ഉദ്ദേശിക്കുന്ന വിഷയം പഠിപ്പിക്കുന്ന അംഗീകൃത സ്ഥാപനം 40 കിലോമീറ്റർ പരിധിയിൽ ഇല്ലായെങ്കിൽ കൂടുതൽ ദൂരത്തേയ്ക്കും അനുവദിക്കുന്നുണ്ട്. യഥാർത്ഥ യാത്രാനിരക്കിന്റെ 19.73% മാത്രമാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി വരുന്നത്. ഇവയ്ക്ക് പുറമെ വിദ്യാർത്ഥികൾക്ക് പഠന സ്ഥാപനത്തിൽ എത്തിച്ചേരുന്നതിന് സഹായകമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസരിച്ച് കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നുമുണ്ട്. |

| | | |
|---|---|---|
| (സി) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 19/08/2011 ൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ജസ്റ്റീസ് ശ്രീ. രാമചന്ദ്രൻ കമ്മിറ്റിയുടെ പരിഗണനാവിഷയത്തിൽ വിദ്യാർത്ഥികളുടെ കൺസഷൻ എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റി വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം സംബന്ധിച്ച വിഷയത്തിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് നടപടി സ്വീകരിച്ചുവരുന്നതിനാൽ ഈ വിഷയത്തിൽ പുതിയൊരു കമ്മീഷനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ